(ബി) സമർപ്പിച്ചിട്ടില്ല. ടി കാര്യം കമ്മിറ്റിയുടെ പരിഗണനയിലാണ്. കമ്മിറ്റി നിർദ്ദേശപ്രകാരം അതാത് വകുപ്പ് തലവൻമാർ ഇങ്ങനെയുള്ള ക്ലാസിഫിക്കേഷൻ ഫോർമുല സഹകരണ രജിസ്ട്രാർക്ക് നൽകുകയും രജിസ്ട്രാർ അത് സഹകരണ യൂണിയനുമായി ആലോചിച്ച് കമ്മിറ്റിക്ക് നൽകുന്നതുമാണ്.

(സി) 80-ാം വകുപ്പും അതിന്റെ കീഴിലുള്ള ചട്ടങ്ങളും ഇപ്പോഴും തന്നെ അത്തരം സംഘങ്ങൾക്ക് ബാധകമാണ്. എന്നാൽ വകുപ്പ് 80-ന്റെ (1)-ാം ഉപവകുപ്പിലും 182-ാം ചട്ടത്തിലും പറയുന്നതുപോലെ അത്തരം സംഘങ്ങളെ തരം തിരിക്കുകയോ സ്റ്റാഫ് പാറ്റേൺ നിശ്ചയിക്കുകയോ ശമ്പളസ്കെയിൽ ഏർപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇത് ചെയ്യേണ്ടതാണ്.

വയനാട് ജില്ലയിൽ ടൂറിസം വികസിപ്പിക്കുന്നതിനുള്ള പദ്ധതി

991 [1189] ശ്രീ. കെ. മൂസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ടൂറിസം വികസിപ്പിക്കുന്നതിനായി കേന്ദ്ര ഗവൺമെൻറിന്റെ സഹായത്തോടുകൂടി സഹകരണ മേഖലയിൽ എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് വിശദവിവരങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു)

II. അവിശ്വാസപ്രമേയം

മി. സ്പീക്കർ: ശ്രീ. കെ. കരുണാകരന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ അവിശ്വാസം രേഖപ്പെടുത്തുന്നതായ പ്രമേയം അവതരിപ്പിക്കാനുള്ള അനുവാദത്തിന് ശ്രീ. ഇ. കെ. നായനാർ നോട്ടീസ് നൽകിയിട്ടുണ്ട്. ആ നോട്ടീസ് ഇപ്രകാരമാണ്:

"കേന്ദ്രഗവൺമെൻറ് അനഭിമതരായി പ്രഖ്യാപിച്ച കുവൈറ്റി കൾക്ക് സംസ്ഥാനത്തുടനീളം രാജ്യദ്രോഹ പ്രവർത്തനങ്ങൾ നടത്താൻ ഒത്താശ ചെയ്തുകൊടുത്ത് മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരും 'പഞ്ചാബ് മോഡൽ' പ്രസംഗം ചെയ്തതിന് രാജ്യദ്രോഹത്തിന്റെ പേരിൽ മന്ത്രിസഭയിൽനിന്ന് ഒഴിവാക്കപ്പെട്ടിരുന്ന ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും അധികാരത്തിൽ തുടരുന്നതിനാലും; പ്രീ-ഡിഗ്രി ബോർഡ് രൂപീകരണത്തിലൂടെ സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ മേഖലയെ സ്വകാര്യ വിദ്യാഭ്യാസ കച്ചവടക്കാർക്ക് അടിയറവയ്ക്കാൻ സർക്കാർ സ്വീകരിച്ച നടപടിക്കെതിരെ കോളേജ് അദ്ധ്യാപകരും അദ്ധ്യാപകേതര ജീവനക്കാരും; യൂണിവേഴ്സിറ്റി ജീവനക്കാരും വിദ്യാർത്ഥികളും നടത്തിയ സമരത്തിൽ പങ്കെടുത്തവർക്കെതിരായി

LIBRARY ARCHIVES Kerala Legislative Assembly